(ബി) ഉൽപ്പാദനം, പ്രസരണം, വിതരണം എന്നിവയിലേതെങ്കിലും സ്വകാര്യ വൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കമ്പനികളായി വിഭജിക്കുമ്പോൾ നിലവിലുള്ള ഇലക്ട്രിസിറ്റി ബോർഡ് പെൻഷൻകാരുടെ ആനുകൂല്യങ്ങൾ നൽകേണ്ട ഉത്തരവാദിത്വം ആർക്കായിരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വിവിധ വകുപ്പുകൾക്ക് അനുസൃതമായി വൈദ്യുതി മേഖലയെ അതാത് സംസ്ഥാന സർക്കാരുകൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. അതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ വൈദ്യുതി ആക്ട് 2003 ഈ മേഖലകളിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് കടന്നുവരാവുന്നതാണെന്ന് അനുശാസിക്കുന്നു.

(സി) കെ. എസ്. ഇ. ബി.-യെ കമ്പനികളാക്കി വിഭജിക്കുമ്പോൾ അനുകൂല്യങ്ങൾ നൽകേണ്ട ഉത്തരവാദിത്വം ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പുകൾ പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിക്കുന്ന കൈമാറ്റ പദ്ധതി (Transfer Scheme) അനുസരിച്ച് സർക്കാർ തീരുമാനിക്കാനിരിക്കുന്നതേയുള്ളൂ.

കെ. എസ്. ഇ. ബി. വാങ്ങിയിട്ടുള്ള വായ്പകൾ

3 [159] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഏതെല്ലാം ഏജൻസികളിൽ നിന്നാണ് വായ്പകൾ വാങ്ങിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) വായ്പ വാങ്ങിയ വകയിൽ ഓരോ സ്ഥാപനത്തിനും കൊടുത്തു തീർക്കാനുള്ള ബാദ്ധ്യത എത്രയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പകൾ വാങ്ങുന്നതിന് ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം തിരിച്ചടവിനുള്ള കാലാവധി എത്രയാണ്;

(ഡി) എ. ഡി. ബി. വായ്പയ്ക്ക് പ്രത്യേക നിബന്ധനകൾ ഒപ്പ് വച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ എടുത്തിട്ടുണ്ട്.

(1) ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ (ഐ.ഡി.ബി.ഐ.)

(2) സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ (എസ്.ഐ.ഡി.ബി.ഐ.)

(3) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ (എൽ.ഐ.സി.)

(4) കാൻഫിൻ ഹോംസ്

(5) ക്രെഡിറ്റ് ലയോണിസ് (ഫ്രാൻസ്)

(6) ഇക്കണോമിക് ഡെവലപ്മെന്റ് കോർപ്പറേഷൻ (ഇ.ഡി.സി., കാനഡ)

(7) വാണിജ്യ ബാങ്കുകൾ

(8) റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ.ഇ.സി.)

(9) പവർ ഫിനാൻസ് കോർപ്പറേഷൻ (പി. എഫ്. സി.)

(10) കേരള പവർ ഫിനാൻസ് കോർപ്പറേഷൻ (കെ.പി.എഫ്.സി.)

ഇതിനുപുറമേ ബോണ്ടുകൾ മുഖാന്തിരവും വായ്പ വാങ്ങിയിട്ടുണ്ട്.

(ബി) വായ്പ വാങ്ങിയ വകയിൽ 31-12-2003 വരെയുള്ള താല്കാലിക കണക്കുകൾ പ്രകാരം ഓരോ ഏജൻസികൾക്കും കൊടുത്തുതീർക്കുവാനുള്ള ബാദ്ധ്യതയുടെ വിവരം ചുവടെ ചേർക്കുന്നു.

	സ്ഥാപനത്തിന്റെ പേര്	കൊടുത്തു തീർക്കുവാനുള്ള തുക (കോടിയിൽ)
(1)	ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ (ഐ.ഡി.ബി.ഐ.)	243.94
(2)	സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ (എസ്.ഐ.ഡി.ബി.ഐ.)	12.81
(3)	ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ (എൽ.ഐ.സി.)	187.40
(4)	കാൻഫിൻ ഹോംസ്	3.15
(5)	ക്രെഡിറ്റ് ലയോണിസ് (ഫ്രാൻസ്)	113.65

LIBRARY ARCHIVES Kerala Legislative Assembly

	സ്ഥാപനത്തിന്റെ പേര്	കൊടുത്തു തീർക്കുവാനുള്ള തുക (കോടിയിൽ)
(6)	ഇക്കണോമിക് ഡെവലപ്മെന്റ് കോർപ്പറേഷൻ (ഇ.ഡി.സി., കാനഡ)	167.37
(7)	വാണിജ്യ ബാങ്കുകൾ	120.93
(8)	റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ.ഇ.സി.)	1387.70
(9)	പവർ ഫിനാൻസ് കോർപ്പറേഷൻ (പി. എഫ്. സി.)	173.46
(10)	കേരള പവർ ഫിനാൻസ് കോർപ്പറേഷൻ (കെ.പി.എഫ്.സി.)	922.22
(11)	ബോണ്ടുകൾ	1724.44
	ആകെ	**5057.07**

ഇവ കൂടാതെ വാണിജ്യ ബാങ്കുകളിൽ നിന്ന് ടി തീയതികളിൽ ഓവർ ഡ്രാഫ്റ്റ്, ഹ്രസ്വകാല വായ്പ എന്നീ ഇനങ്ങളിൽ 194.64 കോടി രൂപയും ബോർഡ് കൊടുത്തുതീർക്കുവാനുണ്ട്.

(സി) പ്രസ്തുത വായ്പകൾ വാങ്ങുന്നതിന് ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം തിരിച്ചടവിനുള്ള കാലാവധി ചുവടെ ചേർക്കുന്നു:

	സ്ഥാപനത്തിന്റെ പേര്	തിരിച്ചടവിനുള്ള കാലാവധി (വർഷത്തിൽ)
(1)	ഐ.ഡി.ബി.ഐ.	5½
(2)	എസ്.ഐ.ഡി.ബി.ഐ.	5
(3)	കാൻഫിൻ ഹോംസ്	10
(4)	ക്രെഡിറ്റ് ലയോണിസ്	12
(5)	ഇ.ഡി.സി., കാനഡ	8½
(6)	ബോണ്ടുകൾ	7
(7)	വാണിജ്യ ബാങ്കുകൾ	6 മാസം മുതൽ 5 വർഷം വരെ
(8)	ആർ.ഇ.സി.	7 മുതൽ 13 വർഷം വരെ
(9)	പി.എഫ്.സി.	1 മുതൽ 10 വർഷം വരെ
(10)	കെ.പി.എഫ്.സി.	3 മുതൽ 10 വർഷം വരെ

LIBRARY ARCHIVES Kerala Legislative Assembly

(ഡി ആന്റ് ഇ) വൈദ്യുതി ബോർഡ് എ.ഡി.ബി.-യിൽ നിന്നും വായ്പ വാങ്ങിയിട്ടില്ല. സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റ് വഴി എ.ഡി.ബി.-യിൽ നിന്നും എടുത്ത വായ്പയുടെ നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപടി

4 [160] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസറഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും ആരംഭിച്ചത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓരോ പദ്ധതിയും പൂർത്തീകരിക്കാൻ എന്ത് തുക വീതം ചെലവാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസറഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പരിപാടി (APDRP)യിൽ ഉൾപ്പെടുത്തി 252 കി. മീറ്റർ പുതിയ 11 കെ. വി. ലൈൻ വലിക്കാനും 218 പുതിയ 100 കെ. വി. എ. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും 1405 ലോ വോൾട്ടേജ് (9 KVAR) കപ്പാസിറ്ററുകൾ സ്ഥാപിക്കാനും ഉള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ ധനസഹായത്തോടെ സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽപ്പെടുത്തി അനന്തപുരം, കാസറഗോഡ് ടൗൺ, ബദിയടുക്ക, പെർള, നീലേശ്വരം എന്നീ സ്ഥലങ്ങളിൽ 33/11 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പണികളും നടന്നുവരുന്നു.

(ബി) ആരംഭിച്ചുകഴിഞ്ഞ ടി പണികൾ 2004 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) എ.പി.ഡി.ആർ.പി. പദ്ധതിക്ക് 10.24 കോടി രൂപയും സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിന് 9.80 കോടി രൂപയും ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly